# പതിമൂന്നാം കേരള നിയമസഭ

# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ: 2472

18/02/2016 -ൽ മറുപടിക്ക്

## തിരുവനന്തപുരം മുതൽ കാസർഗോഡുവരെയുള്ള ദേശീയ ജലപാത

**ചോദ്യം**

ശ്രീ. ജെയിംസ് മാത്യൂ

**ഉത്തരം**

ശ്രീ. പി.ജെ.ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

(എ) തിരുവനന്തപുരം മുതൽ കാസർഗോഡു വരെയുള്ള ദേശീയ ജലപാതയുടെ നിർമ്മാണം പൂർത്തിയാക്കുകയും വിനോദ സഞ്ചാര വികസനവുമായി ബന്ധപ്പെടുത്തു കയും ചെയ്യുമെന്ന വാഗ്ദാനം നടപ്പാക്കാൻ കഴിയാതിരുന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

(എ) 590 കി.മീ. നീളമുള്ള തിരുവനന്തപുരം - കാസർ ഗോഡ് ജലപാതയിൽ, കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീറ്റർ ദൂരം മാത്രമാണ് ദേശീയ ജലപാത-3 ആയി അംഗീകരിച്ചിട്ടുള്ളത്. ഈ പണിയുടെ മേൽനോട്ടം വഹിക്കുന്നത് കേന്ദ്ര സർക്കാർ സ്ഥാപനമായ 'ഇൻലാന്റ് വാട്ടർവെയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ' (IWAI) ആണ്. കായംകുളം കായലിൽ 2 കി. മീറ്ററും ആലപ്പുഴ സീറോജെട്ടി ഭാഗത്ത് 400 മീറ്ററും പണി പൂർത്തി യാക്കിയാൽ ഈ പാതയിലാകെ 2 വരി ഗതാഗതം സാദ്ധ്യമാകും. പൂർത്തിയാകാത്ത ഭാഗത്ത് ഇപ്പോൾ ഒറ്റവരി ഗതാഗതം സാദ്ധ്യമാണ്. പ്രസ്തുത പ്രവൃത്തികൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കു വാനുള്ള നടപടികളാണ് നടന്നുവരുന്നത്.

ദേശീയ ജലപാതയുടെ നവീകരണ പ്രവർത്തന ങ്ങളുടെ ഭാഗമായി ആഴം കൂട്ടൽ പണികൾ നടത്തുമ്പോൾ ലഭ്യമാകുന്ന മണ്ണ്, ചെളി, മറ്റു മാലിന്യങ്ങൾ എന്നിവ കരയിൽ നിക്ഷേപി ക്കുവാൻ മതിയായ സ്ഥലങ്ങൾ ലഭ്യമാകാത്തതും ഇപ്രകാരം ലഭിക്കുന്ന മണലിനെ ചൊല്ലി നാട്ടുകാർ ഉന്നയിക്കുന്ന അവകാശവാദങ്ങൾ, ജലപാതയിൽ മാർഗ്ഗതടസ്സമായി സ്ഥാപിക്കപ്പെട്ട ചീനവലകൾ, ഊന്നിവലകൾ എന്നിവയും, കൊല്ലം-ചവറ ഭാഗങ്ങളിൽ ദേശീയ ജലപാതയിൽ കാണുന്ന വളരെ കട്ടികൂടിയ പ്രതലം (UnderWater Laterite bed) മുതലായവയാണ് ഈ പദ്ധതി കമ്മീഷൻ ചെയ്യുന്നതിനുള്ള കാല താമസത്തിനുള്ള പ്രധാന കാരണങ്ങൾ.

സംസ്ഥാന ജലപാത തെക്ക് കോവളം മുതൽ കൊല്ലം വരെയും (74 കി.മീ) വടക്ക് കോട്ടപ്പുറം മുതൽ നീലേശ്വരം വരെയും (348 കി.മീ) വ്യാപിച്ചു കിടക്കുന്നു. ദേശീയ ജലപാത കോട്ടപ്പുറം മുതൽ കാസർഗോഡ് ജില്ലയിലെ നീലേശ്വരം വരെയും കൊല്ലം മുതൽ കോവളം/വിഴിഞ്ഞം വരെയും ദീർഘിപ്പിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും കോട്ടപ്പുറം മുതൽ കോഴിക്കോട് വരെ ദീർഘിപ്പിക്കുന്നതിനാണ് ഇപ്പോൾ കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുള്ളത്.

സംസ്ഥാന ജലപാതയിൽ നബാർഡ്, സംസ്ഥാന ഫണ്ട്, 13-ാം ധനകാര്യകമ്മീഷൻ എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി നിലവിൽ വികസന പ്രവർത്തനങ്ങൾ നടത്തി വരുന്നു. വ്യത്യസ്ത ഭാഗങ്ങളിൽ പ്രവൃത്തികളിൽ ചിലത് പൂർത്തീകരിച്ചും ബാക്കിയുള്ളവ പുരോഗമിച്ചും വരുന്നു.

പ്രസ്തുത പാതകളുടെ പ്രവൃത്തികൾ പൂർത്തിയാക്കി ഗതാഗതയോഗ്യമാകുന്ന മുറയ്ക്ക് വിനോദ സഞ്ചാര വികസനവുമായി ബന്ധപ്പെട്ട പദ്ധതികൾ പരിശോധിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ